പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 4574.

04.02.2014 ൽ മറുപടിക്ക്

**കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിക്കുള്ള റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ 213 ഓളം വരുന്ന അന്തേവാസികൾക്ക് മാസങ്ങളായി പഞ്ചസാര, അരി, ഗോതമ്പ് എന്നീ റേഷൻ സാധനങ്ങളും സ്റ്റൈപ്പന്റും വിതരണം ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല; ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് അരി, ഗോതമ്പ് എന്നിവ എല്ലാമാസവും വിതരണംചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിന് 1654 കിലോഗ്രാം അരിയും 500 കിലോഗ്രാം ഗോതമ്പും നൽകുന്നതിനുള്ള എ.പി.എൽ. പെർമിറ്റാണ് നിലവിലുള്ളത്. എ.പി.എൽ. പെർമിറ്റുകൾക്ക് പഞ്ചസാര നൽകാറില്ല. ഈ വകുപ്പിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്ക് സ്റ്റൈപ്പന്റ് വിതരണം നടത്തുന്നില്ല. |
| (ബി) | പ്രസ്തുത ആശുപത്രിയിലെ നിരാലംബരായ അന്തേവാസികളെ ബി.പി.എൽ വിഭാഗത്തിൽ നിലനിർത്തി, റേഷൻ സാധനങ്ങൾ അടിയന്തരമായി വിതരണം ചെയ്യുന്നതിനും, സ്റ്റൈപ്പന്റ് നൽകുന്നതിനും, രോഗികളുടെ സൊസൈറ്റിക്ക് നൽകാനുള്ള തുക അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഓർഫനേജ് കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റുള്ളതും ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസർ അംഗീകരിച്ച് നൽകുന്ന ലിസ്റ്റിൽപെട്ടതുമായ സ്ഥാപനങ്ങൾക്ക് മാത്രമാണ് ബി.പി.എൽ. പെർമിറ്റ് നൽകുന്നത്. |



സെക്ഷൻ ഓഫീസർ